(ബി) കഴിഞ്ഞ 5 വർഷത്തിനിടെ ശബരിഗിരി പദ്ധതിയുടെ മുഴിയാർ പവർ ഹൗസിൽ ഒരു പ്രാവശ്യം തീപിടുത്തമുണ്ടായിട്ടുണ്ട്. (2003-ൽ) ഇൻഷ്വറൻസ് ക്ലെയിമിനായി കൊടുത്ത രേഖകൾ പ്രകാരം 2.15 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തീപിടുത്തത്തിൽ ഒരാൾ മരിച്ചിട്ടുണ്ട്.

(സി) 35 കിലോമീറ്റർ ദൂരെയുള്ള പത്തനംതിട്ട ഫയർ സ്റ്റേഷനിൽ നിന്നും 36 കിലോമീറ്റർ ദൂരെയുള്ള റാന്നി ഫയർ സ്റ്റേഷനിൽ നിന്നും.

(ഡി & ഇ) സീതത്തോട് ഫയർ സ്റ്റേഷനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡ് സ്ഥലവും കെട്ടിടവും നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെങ്കിലും ആയത് ഇതുവരെയും വകുപ്പിന് കൈമാറിക്കിട്ടിയിട്ടില്ല. പ്രസ്തുത സ്ഥലം കൈമാറിക്കിട്ടുന്ന മുറയ്ക്കും മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി സർക്കാർ ഭരണാനുമതി നൽകുന്ന മുറയ്ക്കും സീതത്തോട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

പരവൂർ ഫയർ സ്റ്റേഷൻ

22 [823] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരവൂർ ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള ഭരണാനുമതി നൽകിയത് എന്നാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള എല്ലാ സൗകര്യവും സജ്ജമാക്കുവാൻ പരവൂർ മുനിസിപ്പാലിറ്റി തയ്യാറായിരുന്നുവോ ;

(സി) എങ്കിൽ എന്ത് കാരണം കൊണ്ടാണ് ഇതുവരെയും പ്രവർത്തനം ആരംഭിക്കുവാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ അടിയന്തിരമായി അനുകൂല നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരവൂർ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ പുതിയതായി ഫയർ സ്റ്റേഷനുകൾ തുറക്കുന്നതിനായി തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ 5-ാമതായി പരവൂർ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) അതെ.

(സി) പരവൂർ നഗരസഭ തരാമെന്ന് പറഞ്ഞ സ്ഥലം ഇതുവരെയും ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറിയിട്ടില്ല. ഫയർ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് നഗരസഭ എടുത്തുതരാമെന്ന് പറഞ്ഞ കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ നാളിതുവരെയായിട്ടും ഏർപ്പെടുത്തി തന്നിട്ടില്ല.

(ഡി) ഫയർ സ്റ്റേഷനുവേണ്ടി നഗരസഭ ഒരുക്കുന്ന താൽക്കാലിക സൗകര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതാണ്.

GPM. 2/152/2013—8

LIBRARY ARCHIVES Kerala Legislative Assembly